# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1327 01.07.2015 - ൽ മറുപടിക്ക്

## ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 47 - ൽ നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അനുവദിച്ചിട്ടുള്ള മേൽപ്പാലത്തിന്റെ തറക്കല്ലിടീൽ നടത്തി ഒരു വർഷം പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ), & (ബി) | ദേശീയപാത 47 - ൽ ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷനിൽ വെഹിക്കുലർ അണ്ടർപാസ് നിർമ്മിക്കുവാൻ 2008 മാർച്ചിൽ ഒറിജിനൽ എഗ്രിമെന്റിൽ മാറ്റം വരുത്തി തീരുമാനിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പു-മൂലം പ്രവൃത്തി നടത്താൻ കഴിഞ്ഞില്ല. |
| (ബി) | ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ ; | | |
| (സി) | നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; തടസ്സങ്ങൾ മാറ്റി ഫ്ളൈ ഓവർ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; | (സി) | ചാലക്കുടി കോർട്ട് ജംഗ്ഷനും ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷനും തമ്മിലുള്ള ദൂരം 210 മീറ്റർ മാത്രമാണ്. ആയതിനാൽ കോർട്ട് റോഡ് ജംഗ്ഷനിലെ അണ്ടർപാസും അപ്രോച്ച് റോഡും പൂർത്തിയാവുമ്പോൾ സ്റ്റേഷൻ റോഡ് ജംഗ്ഷൻ പൂർണ്ണമായും അടയ്ക്കപ്പെടും. അതുകൊണ്ട് ചാലക്കുടി സ്റ്റേഷൻ റോഡ് ജംഗ്ഷന്റെ ഇരുവശത്തുനിന്നും |

| | | |
|---|---|---|
| | | വരുന്ന വാഹനങ്ങൾ ചാലക്കുടി ഫ്ളൈ ഓവർ വഴിയോ അല്ലെങ്കിൽ നിർമ്മിക്കാൻ ഉദ്ദേശി-ക്കുന്ന അണ്ടർപാസിലെത്താൻ നിലവിലുള്ള 5.5 മീറ്റർ സർവ്വീസ് റോഡിൽകൂടിയോ എത്തേണ്ടി വരും. ഇതിനെ ഒരു വിഭാഗം ജനങ്ങൾ എതിർക്കുകയുണ്ടായി. തദ്ദേശവാസികളുടെ എതിർപ്പിന് പരിഹാരമാകുന്ന മുറയ്ക്ക് ഇതിനുമേൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയും. |
| (ഡി) | കൊരട്ടി ജംഗ്ഷനിൽ ഫ്ളൈ ഓവർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ